LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണം

48 [2798] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം സംബന്ധിച്ച് കൂടുതൽ കേസുകൾ എടുത്തിട്ടുള്ളത് ഏതെല്ലാം ജില്ലകളിലാണ്;

(ബി) വൈദ്യുതി മോഷണം ഇല്ലാത്തതുകൊണ്ടാണോ അത് കണ്ടുപിടിക്കാനുള്ള ശ്രമം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തതാണോ കേസുകൾ കുറയാൻ കാരണം എന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട് ജില്ലകൾ.

(ബി) & (സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിലെ ശമ്പളപരിഷ്കരണം

49 [2799] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ നിലവിലുള്ള ശമ്പള കരാറിന്റെ കാലാവധി എന്നുമുതൽ എത്ര വർഷത്തേക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ബോർഡിൽ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-8-1998 മുതൽ 5 വർഷത്തേക്കായിരുന്നു.

(ബി) ഇല്ല.

(സി) പരിശോധിച്ചുവരുന്നു.

---

† അനുബന്ധം IX.

അനുബന്ധം IX

[1-8-2005- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 48 (2798)-ന്റെ ഉത്തരം ദയവായി കാണുക]

വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഊർജ്ജിതമായ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇതിന്റെ ഫലമായി വൈദ്യുതി മോഷണത്തിന്റെ തീവ്രത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്ന കാര്യത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന അറിവും വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ പിഴ ഒടുക്കേണ്ടിവരുമെന്ന ബോധവും നിയമനടപടികളുടെ കാര്യക്ഷമതയും വൈദ്യുതി മോഷണം കുറയുന്നതിന് കാരണമായിട്ടുണ്ട്. അല്ലാതെ വൈദ്യുതി മോഷണം ഇല്ലാത്തതുകൊണ്ടോ അത് കണ്ടുപിടിക്കാനുള്ള ബോർഡിന്റെ വീഴ്ച കൊണ്ടോ അല്ല വൈദ്യുതി മോഷണക്കേസുകൾ കുറഞ്ഞുവരുന്നത്.

വൈദ്യുതി മോഷണവും അനധികൃത ഉപയോഗവും ഫലപ്രദമായി തടയുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിനുകീഴിൽ തിരുവനന്തപുരം റീജിയണിൽ തിരുവനന്തപുരത്തും കോട്ടയത്തുമായി രണ്ടും എറണാകുളം റീജിയണിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് എന്നിവിടങ്ങളിലായി മൂന്നും കോഴിക്കോട് റീജിയണിൽ കോഴിക്കോട്, കൽപ്പറ്റ, കാസർഗോഡ് എന്നിവിടങ്ങളിലായി മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപ്പീൽ പെറ്റിഷനുകളിൽ തീർപ്പു കൽപ്പിക്കുന്നതിനായി തിരുവനന്തപുരത്തിനു പുറമേ ആലുവ, പാലക്കാട്, കോഴിക്കോട് എന്നിവ കേന്ദ്രമായി ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയും നിയമിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണവും മറ്റു ക്രമക്കേടുകളും തടയുന്നതിന്റെ ഭാഗമായി ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് രാത്രികാലങ്ങളിൽ ഉൾപ്പെടെ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും മീറ്ററിലും അനുബന്ധ ഉപകരണങ്ങളിലും ഉള്ള ക്രമക്കേടുകളും കൃത്രിമങ്ങളും കണ്ടെത്തുന്നുണ്ട്. മീറ്ററും അനുബന്ധ ഉപകരണങ്ങളും സീൽ ചെയ്ത് ഭദ്രമാക്കാറുണ്ട്. എല്ലാ ഹൈടെൻഷൻ ഉപഭോക്താക്കളുടെയും മീറ്ററുകൾ ഇലക്ട്രോണിക് മീറ്ററുകളാക്കാൻ നടപടിയെടുത്തിട്ടുണ്ട്. ടി മീറ്ററുകൾ പുറമെ നിന്ന് ഇടപെടാൻ സാധിക്കാത്ത വിധത്തിലുള്ള പെട്ടികളിൽ ലെഡ് സീൽ ചെയ്ത് സൂക്ഷിക്കുന്നു. മീറ്ററിന്റെ ടെർമിനൽ കവർ ചെക് മീറ്റർ ഘടിപ്പിച്ച് പരിശോധിക്കുവാനുള്ള ടെസ്റ്റ് ടെർമിനൽ ബ്ലോക്ക്, മീറ്റർ കവർ എന്നിവയും സീൽ ചെയ്യുന്നുണ്ട്. ക്രമക്കേടുകൽ കണ്ടെത്തുന്ന ഇലക്ട്രോണിക് മീറ്ററിലെ മീറ്റർ മെമ്മറിയിൽ രേഖപ്പെടുത്തിയ വൈദ്യുതി ഉപഭോഗത്തെപ്പറ്റിയുള്ള വിവരങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്താൽ വിശകലനം നടത്തി വൈദ്യുതി മോഷണം കണ്ടെത്തുന്നുണ്ട്. ഇതിനായി സൗകര്യപ്രദമായ ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly